കേരള കാർഷിക സർവകലാശാല
വിദ്യാർത്ഥി ക്ഷേമ ഡയറക്ടറേറ്റ്
വെള്ളാനിക്കര-680656, തൃശ്ശൂർ
Ph:0487-2438458, Mob: 8547158458
e-mail - dsw@kau.in

---

നം.KAUDSW/276/2024-DSW A1 തിയ്യതി: 15.10.2024

# ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റിലേക്ക് ഒരു വർഷത്തേക്ക് വിവിധ ഔദ്യോഗിക യാത്രകൾക്കായി പ്രതിമാസ വാടക നിരക്കിൽ 5 സീറ്റ് /7 സീറ്റ് എ സി വാഹനം ഡ്രൈവർ ഉൾപ്പെടെ ഓടാൻ താല്പര്യമുള്ള കാറുടമകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയ്യതി 30/10/2024 ഉച്ചക്ക് 3.00 pm .

**നിബന്ധനകൾ:**

1. വാഹനം കേരള ടാക്സി രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് എന്നിവ നിർബന്ധമായും ഉള്ളതായിരിക്കണം.
2. 12 വർഷത്തിൽ അധികം പഴക്കമില്ലാത്ത വാഹനം ആയിരിക്കണം.
3. ക്വട്ടേഷനിൽ ഒരു മാസം മിനിമം ഓട്ടത്തിനുള്ള ദൂരവും മാസ വാടകയും രേഖപ്പെടുത്തിയിരിക്കണം . മിനിമം ദൂരത്തിൽ കൂടുതൽ ഓടുന്ന ഓരോ കിലോമീറ്ററിനുമുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തണം.
4. ഓരോ ഇനം വാഹനത്തിനുമുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ് .
5. വാഹനങ്ങളുടെ ഇന്ധനചെലവ്, അറ്റകുറ്റപണികൾക്കുള്ള ചെലവ്, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ്, പെർമിറ്റ്, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെ കണക്കാക്കിയുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
6. വാഹനം എല്ലാ പ്രവർത്തി ദിവസവും രാവിലെ 8.30 am മുതൽ വൈകീട്ട് 6.30 pm വരെയും ഓഫീസിൽ ഉണ്ടായിരിക്കണം . കൂടാതെ ദീർഘ ദൂര യാത്രകൾ ഉണ്ടാകുന്ന പക്ഷം മേൽ പറഞ്ഞ സമയം ബാധകമായിരിക്കില്ല . ഏതെങ്കിലും കാരണവശാൽ വാഹനം/ഡ്രൈവർ നല്കാൻ കഴിയാതെ വന്നാൽ ബദൽ സംവിധാനം ഏർപ്പാടാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും.
7. വാഹനത്തിന്റെ ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.
8. വാഹനത്തിന്റെ ഡ്രൈവറുടെ ലൈസൻസിന്റെ പകർപ്പ്, വാഹനത്തിന്റെ ആർ സി. ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
9. യാത്രക്കിടെ അംഗീകൃത ടോൾ അടക്കേണ്ടി വരുന്ന പക്ഷം കരാറുകാരൻ ടോൾ അടവാക്കി ബന്ധപ്പെട്ട രസീത് പ്രതിമാസ ഇൻവോയ്സ് /വൗച്ചറിനൊപ്പം കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തുക ക്വട്ടേഷൻ നിരക്കിനു പുറമെ അനുവദിക്കുന്നതാണ്.
10. ഓരോ യാത്രയിലും സഞ്ചരിക്കുന്ന ദൂരം ലോഗ്ബുക്കിൽ എഴുതി അതതു ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. ഓരോ മാസത്തെയും അവസാന ദിവസം വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
11. കരാറുകാരനോ, ഡ്രൈവർക്കോ സർവകലാശാലയിൽ നിന്നും ടി എ , ഡി എ , മറ്റു ബത്തകൾ എന്നിവ ഉൾപ്പടെ യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
12. സ്വീകരിക്കുന്ന ക്വട്ടേഷനിലെ നിരക്കിനു പുറമെ യാത്രക്കിടെ വാഹനത്തിനോ, ഡ്രൈവർക്കോ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്കുൾപ്പെടെ യാതൊരു തരത്തിലുള്ള ചെലവുകളും സർവകലാശാല വഹിക്കുന്നതല്ല.
13. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം ഡ്രൈവറെ നീക്കം ചെയ്യുന്നതിനോ, കരാർ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം കേന്ദ്രമേധാവിയിൽ നിക്ഷിപ്തമാണ്.
14. ക്വട്ടേഷൻ ലഭിക്കുന്നയാൾ നിശ്ചിത മാതൃകയിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ് .

ക്വട്ടേഷനുകൾ സംബന്ധിച്ച മറ്റ് വിവരങ്ങൾ

- സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷനുകൾ വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റിൽ 30/10/2024 ന് 3.00 pm വരെ സ്വീകരിക്കുന്നതാണ് . അന്നേ ദിവസം 3.30 pm ന് ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
- ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തി/സ്ഥാപനത്തിന്റെ ക്വട്ടേഷൻ ആയിരിക്കും സ്വീകരിക്കുക.
- ക്വട്ടേഷന്റെ കാലാവധി ക്വട്ടേഷൻ സ്വീകരിച്ച തിയ്യതി മുതൽ ഒരു വർഷത്തേക്ക് പ്രാബല്യത്തിൽ ആയിരിക്കും.
- ക്വട്ടേഷൻ സ്വീകരിക്കുവാനും റദ്ദാക്കുവാനും വിദ്യാർത്ഥി ക്ഷേമ ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
- കവറിനു പുറത്ത് "വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റിലേക്കു വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

15/10/24

ഡോ.ഇ.ജി.രഞ്ജിത് കുമാർ
ഡയറക്ടർ(i/c), വിദ്യാർത്ഥിക്ഷേമ ഡയറക്ടറേറ്റ്

പകർപ്പ് : 1) കെ എ യു വെബ് സൈറ്റ്
2) നോട്ടീസ് ബോർഡ് (കെ.എ.യു ഹെഡ് ക്വാർട്ടേഴ്സ് )
3) നോട്ടീസ് ബോർഡ് (ഡി.എസ്.ഡബ്ല്യൂ ഓഫീസ്)
4) നോട്ടീസ് ബോർഡ് , മാടക്കത്തറ ഗ്രാമ പഞ്ചായത്ത്